## ബഹു.തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.08.2017 ന് വിളിച്ച് ചേർത്ത ലൈഫ് മിഷൻ യോഗത്തിലെ തീരുമാനങ്ങൾ

1. **അപ്പീൽ പരിശോധനയ്ക്കുള്ള സമയം നീട്ടുന്നത്**

ലൈഫ് മിഷൻ പ്രസിദ്ധീകരിച്ച കരട് പട്ടികയിന്മേൽ അപ്പീൽ നൽകുന്നതിനുള്ള സമയം ഓഗസ്റ്റ് 10 ന് അവസാനിച്ചിട്ടുള്ളതാണ്. ആദ്യഘട്ട അപ്പീൽ പരിശോധിച്ച് തദ്ദേശ സ്ഥാപനങ്ങൾ പട്ടിക പുനപ്രസിദ്ധീകരിക്കേണ്ട അവസാന തീയതി ഓഗസ്റ്റ് 20 ആണ്. എന്നാൽ തദ്ദേശ സ്ഥാപനങ്ങളിൽ വളരെയധികം അപ്പീലുകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപ്പീൽ അപേക്ഷകൾ ഓഗസ്റ്റ് 20-ന് മുൻപായി പരിശോധന നടത്തി തീർക്കാൻ ബുദ്ധിമുട്ടാണ് എന്ന് പല തദ്ദേശ സ്ഥാപനങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ അപ്പീൽ പരിശോധിച്ച് പട്ടിക പുനപ്രസിദ്ധീകരിക്കേണ്ട അവസാന തീയതി പുനക്രമീകരിക്കുന്നതിന് തീരുമാനിച്ചു.

**തീരുമാനം**

ആക്ഷേപങ്ങൾ പരിശോധിച്ച് അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള പുതുക്കിയ സമയക്രമം ചുവടെ ചേർക്കും പ്രകാരം അംഗീകരിച്ച് തീരുമാനിച്ചു.

| നടപടി | പഴയ സമയക്രമം | പുതുക്കിയ സമയക്രമം |
|---|---|---|
| ഗുണഭോക്താക്കളുടെ കരട് പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറൽ | ജൂലൈ 15 | ജൂലൈ 15 |
| കരട് പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതികൾ അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തേണ്ട അവസാന തീയതി | ജൂലൈ 30 | ജൂലൈ 30 |
| ആദ്യഘട്ട ആക്ഷേപങ്ങൾ | ആഗസ്റ്റ് 10 | ആഗസ്റ്റ് 10 |

| | | |
|---|---|---|
| സ്വീകരിക്കുന്ന അവസാന തീയതി | | |
| ആദ്യഘട്ട ആക്ഷേപങ്ങൾ പരിശോധിച്ച് പട്ടിക പുന:പ്രസിദ്ധീകരിക്കൽ | ആഗസ്റ്റ് 20 | ആഗസ്റ്റ് 31 |
| ജില്ലാ കളക്ടർക്ക് രണ്ടാം ഘട്ട ആക്ഷേപങ്ങൾ സമർപ്പിക്കാവുന്ന അവസാന തീയതി | ആഗസ്റ്റ് 25 | സെപ്റ്റംബർ 16 |
| രണ്ടാം ഘട്ട ആക്ഷേപങ്ങൾ പരിശോധിച്ച് പട്ടിക പുന:പ്രസിദ്ധീകരിക്കൽ | ആഗസ്റ്റ് 31 | സെപ്റ്റംബർ 28 |
| ഗ്രാമസഭ/ വാർഡ് സഭ കൂടി പട്ടിക അംഗീകരിക്കേണ്ട സമയം | സെപ്റ്റംബർ 01 മുതൽ 20 വരെ | ഒക്ടോബർ 3 മുതൽ 20 വരെ |
| ഗ്രാമസഭ/ വാർഡ് സഭ അംഗീകരിച്ച പട്ടികകൾ ഭരണസമിതികൾ അംഗീകരിച്ച് അന്തിമ ഗുണഭോക്തൃ പട്ടികയുടെ പ്രസിദ്ധീകരണം | സെപ്റ്റംബർ 25 | ഒക്ടോബർ 25 |

2. മറ്റ് വകുപ്പുകളുടെ സഹകരണം

അപ്പീൽ പരിശോധന നടത്തുന്നതിനായി കൃഷിവകുപ്പ്, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ സഹകരിക്കുന്നില്ല എന്ന് പല തദ്ദേശ സ്ഥാപനങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപ്പീൽ നടപടികൾ സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുവാൻ ടി വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സഹകരണം ഉറപ്പാക്കേണ്ടതുണ്ട്.

തീരുമാനം

അപ്പീൽ പരിശോധന നടത്തുന്നതിനായി ഇതര വകുപ്പുകളുടെ സഹായം നിർബന്ധമായും ഉറപ്പുവരുത്തുന്നതിന് തീരുമാനിച്ചു. എന്നാൽ ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്നവരെ ഈ ഉദ്യമത്തിൽ ഉൾക്കൊള്ളിക്കുന്നതിന് നിർബന്ധിക്കേണ്ടതില്ലെന്നും കൃഷിവകുപ്പുമായി ബന്ധപ്പെട്ട്

ഉദ്യോഗസ്ഥരുടെ സഹകരണം ഉറപ്പുവരുത്തുന്നതിനായി കൃഷി വകുപ്പ് മന്ത്രിക്ക് ഒരു വിവരണകുറിപ്പ് നൽകുവാനും തീരുമാനിച്ചു.

3. അപ്പീൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി അധിക ജീവനക്കാരെ നിയമിക്കുന്നത്

തദ്ദേശ സ്ഥാപനങ്ങളിൽ ലഭിച്ചിട്ടുള്ള അപ്പീലുകൾ ഡാറ്റാ എൻട്രി നടത്തുന്നതിന് ദിവസവേതന അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിക്കുന്നതിനായി അനുമതി നൽകുവാൻ തദ്ദേശ സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷ യോഗം ചർച്ച് ചെയ്തു.

തീരുമാനം

തദ്ദേശ സ്ഥാപനങ്ങളിൽ ലഭിച്ചിട്ടുള്ള അപ്പീലുകൾ ഡാറ്റാ എൻട്രി നടത്തുന്നതിന് ദിവസവേതന അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിക്കേണ്ടതില്ല എന്നും ഡാറ്റാ എൻട്രി നടത്തുന്നതിലേക്കായി ആവശ്യമെങ്കിൽ കുടുംബശ്രീ യൂണിറ്റുകളുടെ സഹകരണം ഉറപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

4. ഗുണഭോക്താക്കളുടെ മുൻഗണന

ക്ലേശഘടകങ്ങളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് മുൻഗണന നൽകുന്നത് തീരുമാനിച്ചിട്ടുള്ളതാണ്. എന്നാൽ ക്ലേശ ഘടകത്തിൽ ഉൾപ്പെടാത്ത കുടുംബങ്ങളുടെ മുൻഗണന ഗ്രാമസഭ കൂടുന്ന വേളയിൽ നിശ്ചയിക്കുന്നതിനെ സംബന്ധിച്ച് യോഗം ചർച്ച ചെയ്തു. ക്ലേശഘടകത്തിൽ ഉൾപ്പെടാത്ത കുടുംബങ്ങളുടെ മുൻഗണനാപട്ടിക തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതായുണ്ടെന്ന് യോഗം വിലയിരുത്തി.

തീരുമാനം

ക്ലേശഘടകത്തിൽ ഉൾപ്പെടാത്ത കുടുംബങ്ങളുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നതിലേക്കായി വിവിധ വിഭാഗങ്ങളിൽപ്പെട്ടവർക്ക് നൽകേണ്ട മാർക്ക് വിവരം ചുവടെ ചേർക്കും പ്രകാരം അംഗീകരിച്ച് തീരുമാനിച്ചു.

5. പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം

പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായുള്ള മാർഗ്ഗരേഖയിൽ പരാമർശിച്ച കാര്യങ്ങൾ വിശദമായി ചർച്ച ചെയ്തു. ടി മാർഗ്ഗരേഖ കൂടുതൽ ചർച്ചകൾക്ക് വിധേയമാക്കേണ്ടതുണ്ടെന്ന് യോഗം വിലയിരുത്തി.

തീരുമാനം

1. മാർഗ്ഗരേഖ അന്തിമമാക്കുന്നതിലേക്കായി തദ്ദേശ സ്വയം ഭരണവകുപ്പ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, ബഹു. തദ്ദേശ സ്വയം ഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി എന്നിവരുടെ ഓഫീസുകളിൽ കരട് നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിന് തീരുമാനിച്ചു.
2. സ്വയം പൂർത്തീകരിക്കാനാകാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് കരാറുകാരെ എംപാനൽ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങളിൽ കൂടുതൽ ചർച്ച ആവശ്യമായതിനാൽ ഇപ്പോൾ തയ്യാറാക്കപ്പെട്ടിട്ടുള്ള നിർദ്ദേശങ്ങൾ എല്ലാ ഓഫീസുകളിലേയും ചംക്രമണത്തിനായി നൽകുന്നതിന് തീരുമാനിച്ചു.

6. ഭവനസമുച്ചയങ്ങളുടെ നിർമ്മാണം

ഭവനസമുച്ചയങ്ങളുടെ നിർമ്മാണം നടത്തുന്നതിന് ഏജൻസികൾക്ക് അനുമതി നൽകുന്നതിനെ സംബന്ധിച്ചും ഭവനസമുച്ചയങ്ങളിൽ എത്ര നിലകളാകാം എന്നത് സംബന്ധിച്ചും ചർച്ച നടന്നു.

തീരുമാനം

1. സർക്കാർ അംഗീകാരമുള്ള ഏജൻസികൾക്ക് ആദ്യഘട്ടത്തിൽ ലിമിറ്റഡ് ടെണ്ടർ നടത്തി നിർമ്മാണ ചുമതല നൽകുന്നതിന് യോഗം തീരുമാനിച്ചു.

| ക്രമ നം. | മുൻഗണനാമാനദണ്ഡം | ഗുണഭോക്താവിന് നൽകാവുന്ന മാർക്ക് | ആകെ മാർക്ക് | ഗുണഭോക്താവിന് ലഭിച്ച മാർക്ക് |
|---|---|---|---|---|
| 1. | റേഷൻ കാർഡ് | | | |
| | എ. അന്ത്യോദയ അന്ന യോജന (AAY) അല്ലെങ്കിൽ | 20 | 20 | |
| | ബി. മുൻഗണനാ വിഭാഗം (Priority) | 10 | | |
| 2 | എ. ഗ്രാമീണമേഖലയിൽ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഏതെങ്കിലുമൊരു വർഷം 20 ദിവസമെങ്കിലും തൊഴിൽ ചെയ്ത കുടുംബങ്ങൾ അല്ലെങ്കിൽ | 10 | 10 | |
| | ബി. നഗരപ്രദേശത്ത് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഏതെങ്കിലുമൊരു വർഷം 5 ദിവസമെങ്കിലും തൊഴിൽ ചെയ്ത കുടുംബങ്ങൾ | | | |
| 3 | എ. സാമൂഹ്യ ക്ഷേമ പെൻഷൻ വാങ്ങുന്നവർ അല്ലെങ്കിൽ | 10 | 10 | |
| | ബി. സാമൂഹ്യ ക്ഷേമ പെൻഷൻ ലഭ്യമല്ലാത്ത കുടുംബങ്ങൾ എന്നാൽ 70 വയസ്സിനുമേൽ പ്രായമുള്ളവർ ഉൾപ്പെട്ട കുടുംബങ്ങൾ | 5 | | |
| 4 | തൊഴിൽ<br>എ. കൂലിവേല അല്ലെങ്കിൽ<br>ബി. മത്സ്യതൊഴിലാളി അല്ലെങ്കിൽ<br>സി. തോട്ടംതൊഴിലാളി അല്ലെങ്കിൽ<br>ഡി. പരമ്പരാഗത തൊഴിൽ ചെയ്യുന്നവർ | 10 | 10 | |
| 5 | നിലവിലെ താമസ സ്ഥലം | | | |
| | എ. തുറസ്സായ സ്ഥലത്ത് താമസിക്കുന്നവർ അല്ലെങ്കിൽ<br>ബി. ചേരിപ്രദേശങ്ങളിൽ താമസിക്കുന്നവർ | 10 | 10 | |
| | സി. ബന്ധുഭവനം അല്ലെങ്കിൽ | 5 | | |
| | ഡി. വാടക | | | |
| 6 | സ്ത്രീകൾ മാത്രമുള്ള കുടുംബം | 15 | 15 | |
| 7 | 40 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ പെൺകുട്ടികൾ ഉൾപ്പെട്ട കുടുംബം | 20 | 20 | |
| 8 | വിവാഹമോചിതരായ സ്ത്രീകൾ ഉൾപ്പെട്ട കുടുംബം | 5 | 5 | |
| | ആകെ | | 100 | |

ഒരേമാർക്ക് ലഭിക്കുന്ന സാഹചര്യങ്ങളിൽ മുൻഗണന നിശ്ചയിക്കുന്നതിനായി താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പരിഗണിക്കാവുന്നതാണ്.

1. ഗൃഹനാഥന്റെ വയസ്സ്
2. കുടുംബങ്ങളുടെ എണ്ണം

ലഭ്യമാകകുന്നതിന് സി.ഇ.ഒ.-യെ ചുമതലപ്പെടുത്തി. ലൈഫ് മിഷനുമായി സഹകരിക്കുന്ന സമാനമായ മുഴുവൻ സ്ഥാപനങ്ങളെയും സഹകരിപ്പിക്കുവാൻ തീരുമാനിച്ചു.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
ലൈഫ് മിഷൻ

Chief Executive Officer
Life Mission
Government of Kerala

പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്

23/8/2017
T.K. JOSE. IAS
Principal Secretary to Government
Local Self Government Department
Government Secretariat
Thiruvananthapuram-695 001

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി
തദ്ദേശ സ്വയംഭരണ വകുപ്പ്

11.9.17
ഡോ. കെ.ടി. ജലീൽ
തദ്ദേശ സ്വയംഭരണ, ന്യൂനപക്ഷക്ഷേമ, വഖഫ്
ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി